പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 716 — 24/01/2018-ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.മമ്മൂട്ടി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ പുതിയ ശാഖകൾ തുടങ്ങുവാൻ അപേക്ഷ നൽകിയിട്ടുണ്ട്; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | കൊല്ലം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാ സഹകരണ ബാങ്കുകൾ പുതിയ ശാഖകൾ തുടങ്ങുവാൻ അപേക്ഷ നൽകിയിട്ടുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകൃതമാകുന്ന സാഹചര്യത്തിൽ കേരള സഹകരണ ബാങ്കിന്റെ രൂപീകരണത്തിനാവശ്യമായ ലയന നടപടിക്രമങ്ങൾ സങ്കീർണ്ണമാകാതിരിക്കുന്നതിനു വേണ്ടിയും, ലയനം സുഗമമായി നടത്തുന്നതിനുമായി പുതിയ ശാഖകൾ ആരംഭിക്കുന്നത് താൽക്കാലികമായി മാത്രം നിർത്തിവയ്ക്കാൻ ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പരിഷ്കരണം, സ്റ്റാഫ് പാറ്റേൺ പരിഷ്കരണം എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീരുമാനം എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണത്തിൻ കീഴിലുള്ള ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) | വിഷയത്തിന്റെ വിവിധവശങ്ങൾ പരിഗണിച്ച് ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) ഏതെങ്കിലും ജില്ലാ സഹകരണ ബാങ്കിന്റെ ജനറൽ ബോഡി യോഗം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ലയനം നടത്തണമെന്നാവശ്യപ്പെട്ട് മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ തീരുമാനം എടുത്തിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) ഏതെങ്കിലും ജില്ലാ സഹകരണ ബാങ്കിന്റെ ജനറൽ ബോഡി യോഗം ലയന നടപടിക്കെതിരെ തീരുമാനം എടുക്കുകയോ പ്രമേയം പാസ്സാക്കുകയോ ചെയ്തിട്ടുണ്ടോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ